## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 744** **24-02-2022 - ൽ മറുപടിയ്ക്ക്**

## കോഴിക്കോട്അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സങ്കേതങ്ങളിൽ നടപ്പിലാക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവ ഈ പദ്ധതിയിൽ നടപ്പാക്കുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഈ പദ്ധതി പ്രകാരം പുതിയതായി അനുവദിച്ച സെറ്റിൽമെന്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2020-21 വർഷം കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജക മണ്ഡലത്തിൽ നിന്നും പൊയ്യിൽകോളനി, ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അമ്പലക്കുന്ന്, തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നിന്നും ചിപ്പിലത്തോട് എന്നീ സെറ്റിൽ മെന്റുകളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | ഓരോ സെറ്റിൽമെന്റിലും അനുവദിച്ച തുക എത്രയാണെന്നും എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കുമോ? | (സി) | 2020-21 വർഷം അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും, കോളനികളിലെ ഊരുകൂട്ട തീരുമാന പ്രകാരം പരമാവധി ഒരു കോടി രൂപയിൽ നിജപ്പെടുത്തി ഡി.പി.ആർ.തയ്യാറാക്കി സമർപ്പിക്കുന്നതിന് കോഴിക്കോട് ട്രൈബൽ |

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ